**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1580** **05-07-2022 - ൽ മറുപടിയ്ക്ക്**

**പഴം-പച്ചക്കറി സംഭരണവും നഗരകൃഷി പ്രോത്സാഹനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഴം-പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; ഏതൊക്കെ ഇനം പഴം, പച്ചക്കറികൾക്കാണ് തറവില നിശ്ചയിച്ചത്; പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പഴം-പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങു വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT മുഖാന്തിരം നൽകുന്നു |
| (ബി) | വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന മേഖലകളിൽ നിന്ന് പച്ചക്കറികൾ സംഭരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ | (ബി) | വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന മേഖലകളിൽ നിന്ന് പച്ചക്കറികൾ സംഭരിക്കുന്നതിനായി പ്രത്യേക പദ്ധതി നിലവിലില്ല. |

| | | | |
|---|---|---|---|
| | എന്തൊക്കെ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | | എന്നാൽ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ ' എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, എക്കോഷോപ്പുകൾ, വേൾഡ് മാർക്കറ്റുകൾ, വി.എഫ്.പി.സി.കെ എന്നിവയുടെ വിപണികൾ വഴി പഴം പച്ചക്കറി സംഭരണം നടത്തുന്നു. |
| (സി) | നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പച്ചക്കറി സംഭരണത്തിന് ഉല്പാദന കേന്ദ്രങ്ങളിൽ ചില്ലർ സ്റ്റോറേജുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകുന്നതിന് ലക്ഷ്യമിടുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ ഒരു കോൾഡ് ചെയിൻ സംവിധാനം ഒരുക്കുന്നതിന് 185 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വട്ടവടയിൽ ഒരു പ്രീ കൂളിംഗ് കേന്ദ്രവും, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ 3 കോൾഡ് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനും, ഹോർട്ടികോർപിന്റെ കോൾഡ് സ്റ്റോറേജ് നവീകരിക്കുന്നതിനുമാണ് തുക അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | വിള | അടിസ്ഥാന വില (രൂപ/കി.ഗ്രാം) |
|---|---|---|
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ<br>വയനാടൻ നേന്ത്രൻ | 30<br>24 |
| 3 | കൈതച്ചക്ക | 15 |
| 4 | കുമ്പളം | 9 |
| 5 | വെള്ളരി | 8 |
| 6 | പാവൽ | 30 |
| 7 | പടവലം | 16 |
| 8 | വള്ളിപ്പയർ | 34 |
| 9 | തക്കാളി | 8 |
| 10 | വെണ്ട | 20 |
| 11 | ക്യാബേജ് | 11 |
| 12 | ക്യാരറ്റ് | 21 |
| 13 | ഉരുളക്കിഴങ്ങ് | 20 |
| 14 | ബീൻസ് | 28 |
| 15 | ബീറ്റ്റൂട്ട് | 21 |
| 16 | വെളുത്തുള്ളി | 139 |